**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 574** **23-07-2021 - ൽ മറുപടിയ്ക്ക്**

**എഫ്.ഐ.എം.എസ്. ഡാറ്റാ ബേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത മത്സ്യത്തൊഴിലാളികളെ മാത്രമാണോ എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ ഉൾപ്പെടുത്തുന്നത്; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗത്വം എടുത്ത മത്സ്യത്തൊഴിലാളികളെ മാത്രമാണ് എഫ്. ഐ. എം. എസ് ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നത്. |
| (ബി) | എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിൽ പേര് രേഖപ്പെടുത്താത്ത എത്ര മത്സ്യത്തൊഴിലാളികൾ കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ ഉണ്ടെന്ന് വിശദമാക്കാമോ; | (ബി) | കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിലെ അംഗത്വം എടുത്ത 10395 മത്സ്യത്തൊഴിലാളികളിൽ 7826 മത്സ്യത്തൊഴിലാളികൾ FIMS ഡേറ്റാ ബേസിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | തുടർന്നുള്ള സർക്കാർ പദ്ധതികളിൽ സഹായ വിതരണം നടത്തുന്നത് എഫ്.ഐ.എം.എസ്. ഡാറ്റാ ബേസിനെ അടിസ്ഥാനമാക്കി മാത്രമാണോയെന്ന് വിശദമാക്കാമോ; | (സി) | സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് എത്തിക്കുന്നതിനും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുള്ള അംഗങ്ങൾക്ക് അവർക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ കൃത്യ സമയത്ത് നൽകുന്നതിനും വേണ്ടിയാണ് FIMS (ഫിംസ്) എന്ന ഡേറ്റാബേസ് തയ്യാറാക്കിയിട്ടുള്ളത്. ഡേറ്റാബേസിൽ നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്ത മത്സ്യബോർഡിൽ അംഗത്വമുള്ളവരെ ഫിംസിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്. |
| (ഡി) | പേര് ഉൾപ്പെടാത്തവരെ എഫ്.ഐ.എം.എസ്. ൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് മുൻകൈയ്യെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ഡി) | ഫിംസിൽ ഉൾപ്പെട്ടിട്ടില്ലാത്ത അംഗങ്ങൾ അവരവർ താമസിക്കുന്ന ഫിഷറീസ് വില്ലേജിന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥനെ അറിയിച്ചാൽ, ഉദ്യോഗസ്ഥർ പ്രസ്തുത അംഗത്തിന്റെ മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം പരിശോധിച്ച് ഫിംസിൽ ഉൾപ്പെടുത്തുന്നതാണ്. ക്ഷേമനിധി അംഗത്വമുള്ളവരിൽ നിന്നും ഫിംസിൽ ഉൾപ്പടാത്തവരെ കണ്ടുപിടിച്ച് ഉൾപ്പടുത്തുന്നതിന് അതതു മത്സ്യഭവനിലെ ഉദ്യോഗസ്ഥർ ഫീൽഡ് തല സന്ദർശനം നടത്തുന്നുണ്ട്. കൂടാതെ വ്യക്തികൾക്ക് അവർ ഫിംസിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് |

| | | | |
|---|---|---|---|
| | | | അറിയുന്നതിന് ഫിംസിൽ മൊബൈൽ നമ്പർ, പേര്, ഫണ്ട് ബോർഡ് രജിസ്റ്റർ നമ്പർ എന്നിവയുടെ സഹായത്തോടെ സെർച്ച് ഒാപ്ഷൻ ഉൾപ്പെടുത്തിയി ട്ടുണ്ട്. |
| (ഇ) | ഇനിയും പേര് ചേർക്കാനായി കഴിയാത്തവർക്ക് അവസരം നൽകുമോയോന്നും സമയം നീട്ടി നൽകുമോയെന്നും വിശദമാക്കാമോ? | (ഇ) | ഇനിയും പേര് ചേർക്കാൻ കഴിയാത്തവർക്ക് അവരുടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ് ബുക്കുമായി അവർ താമസിക്കുന്ന പരിധിയിലുള്ള മത്സ്യഭവൻ ഓഫീസിൽ നേരിട്ട് പോവുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഫോണിലൂടെ അറിയിക്കുകയോ ചെയ്താൽ ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷം ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ